**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2985** **21.08.2017 ൽ മറുപടിയ്ക്ക്**

**"കമുകിന് കീടനാശിനി തളിക്കാൻ സംവിധാനം"**

| ചോദ്യം<br>ശ്രീ. എൻ .എ.നെല്ലിക്കുന്ന് | | ഉത്തരം<br>ശ്രീ. വി.എസ് സുനിൽകുമാർ<br>(ബഹു. കൃഷി വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | മഹാളി ഉൾപ്പെടെയുള്ള രോഗങ്ങൾ പടരുമ്പോഴും കമുകിനു കീടനാശിനി തളിക്കാൻ തൊഴിലാളികളെ കിട്ടാതെ കർഷകർ ദുരിതമനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഈ വിഷയത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെന്നും തുടർനടപടികൾ എന്തൊക്കെയാണെന്നും വിശദീകരിക്കാമോ; | (ബി) | കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന അഗ്രോ സർവ്വീസ് സെന്ററുകൾ, കാർഷിക കർമ്മ സേന ഇവയിൽ നിന്നും പരിശീലനം ലഭിച്ച തൊഴിലാളികളുടെ സേവനം കീടനാശിനി പ്രയോഗങ്ങൾക്ക് ഉപയുക്തമാണ്. |
| (സി) | മഴ തുടങ്ങിയതോടെ കമുകിനെ ബാധിച്ച മഹാളി, കുമ്പുചീയൽ,ഫംഗസ് ബാധ തുടങ്ങിയവ മൂലം മൂപ്പെത്താത്ത അടയ്ക്കകളും പൂങ്കുലകളും വ്യാപകമായി കൊഴിയുന്നത് തടയാൻ കൃഷി വകുപ്പ് എന്ത് മുൻകരുതലുകളാണ് എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | ഇക്കാര്യത്തിൽ പ്രത്യേക മുൻകരുതൽ നടപടികളൊന്നും എടുത്തിട്ടില്ല. അടിയന്തിര ഘട്ടങ്ങളിൽ വരൾച്ച, കീട രോഗബാധ എന്നിവ തടയുന്നതിനുള്ള പ്രത്യേക പദ്ധതി പ്രകാരം കാർഷിക വിളകളിലെ കീട രോഗബാധ നിയന്ത്രിക്കുന്നതിനുള്ള സഹായം നൽകാൻ വ്യവസ്ഥയുണ്ട്. കീട രോഗബാധ കണ്ടെത്തുന്ന പ്രദേശങ്ങളിൽ വിദഗ്ധൻമാർ അടങ്ങിയ ടീം പരിശോധന നടത്തി നിയന്ത്രണമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതനുസരിച്ച് കീട രോഗബാധ തടയുന്നതിനുള്ള രാസ-ജൈവ മാർഗ്ഗങ്ങൾ അവലംബിക്കുന്നു. കീട/രോഗനാശിനികൾ തളിച്ചതിന്റെ വില, തളിച്ചതിന്റെ കൂലി എന്നിവ കൃഷി വകുപ്പ് വഹിക്കും. |
| (ഡി) | ഇങ്ങനെ വിള നശിക്കുന്ന കർഷകർക്ക് സർക്കാർ നഷ്ടപരിഹാരം നൽകുമോ; | (ഡി) | ഇപ്രകാരമുള്ള പദ്ധതികളൊന്നും നിലവിലില്ല. എന്നാൽ പ്രകൃതിക്ഷോഭം മൂലം വിള നശിച്ചാൽ ഇൻഷ്വറൻസ് പരിരക്ഷ നൽകാൻ സംവിധാനമുണ്ട്. |
| (ഇ) | കീടനാശിനി തളിക്കാൻ ആളെ കിട്ടാത്ത സാഹചര്യത്തിൽ പകരം എന്ത് സംവിധാനമാണ് സർക്കാർ ആലോചിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഇ) | കൃഷി വകുപ്പിനു കീഴിൽ പ്രവർത്തിച്ചുവരുന്ന കാർഷിക കർമ്മസേന, അഗ്രോ സർവ്വീസ് സെന്ററുകൾ എന്നിവയിൽ നിന്നും പരിശീലനം ലഭിച്ച തൊഴിലാളികളുടെ സേവനം കീടനാശിനി പ്രയോഗങ്ങൾക്ക് ഉപയുക്തമാക്കാവുന്നതാണ് എന്ന് ഡയറക്ടർ അറിയിച്ചിട്ടുണ്ട് |

**സെക്ഷൻ ഓഫീസർ**